# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7836 23.07.2012 -ൽ മറുപടിയ്ക്ക്**

**ഫോൺ ചോർത്തൽ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ എളമരം കരീം | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) എം. എൽ. എ. മാർ ഉൾപ്പെടെ സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഏതെങ്കിലും നേതാക്കളുടെ ഫോൺ കോളുകൾ ചോർത്തുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ ;<br><br>ബി) എങ്കിൽ ആരുടെയെല്ലാം ഫോൺ കോളുകൾ ചോർത്തുന്നതിന് ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ; | (എ) & (ബി) | അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| സി) ഫോൺ കോളുകൾ ചോർത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ; നിയമ വിരുദ്ധമായി ഫോൺ ചോർത്തുന്നതിന് നൽകുന്ന ശിക്ഷ വിശദമാക്കുമോ ? | (സി) | 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ 5(2) വകുപ്പ് പ്രകാരം പൊതു സുരക്ഷയും അടിയന്തിര സ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഇ-മെയിൽ, ഫോൺ എന്നിവ വഴിയുള്ള ആശയ വിനിമയങ്ങൾ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്ന് കണ്ടാൽ ക്ഷമതയുള്ള അധികാരിക്ക് പരിശോധനയ്ക്ക് അനുമതി നല്കാവുന്നതാണ്. നിയമ വിരുദ്ധമായി ഫോൺ ചോർത്തുന്നത് ഒരു വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. |
| ഡി) അനധികൃതമായി ഫോൺ കോളുകൾ ചോർത്തൽ നടത്തുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ആരുടെയെല്ലാം ഫോൺകോളുകളാണ് അനധികൃതമായി ചോർത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ